LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് മെട്രോ പദ്ധതി

133 (2629) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട്, നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പദ്ധതി സംബന്ധിച്ച തുടർനടപടികൾ വിശദമാക്കാമോ ;

(ബി) പദ്ധതികൾക്ക് ആവശ്യമായ സഹായം നൽകുന്നത് ഏത് ഏജൻസിയാണ് ;

(സി) ലൈറ്റ് മെട്രോ പദ്ധതി പ്രസ്തുത നഗരങ്ങളിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ഡി.എം.ആർ.സി. സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പദ്ധതിക്കാവശ്യമായ തുകയുടെ 20% കേരള സർക്കാരും 20% കേന്ദ്ര സർക്കാരും വഹിക്കുകയും ബാക്കി തുക രാജ്യത്തിനകത്തും പുറത്തുമുള്ള സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുകയും ചെയ്യണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഏത് രീതിയിൽ, ഏത് ഏജൻസിയിൽ നിന്നാണ് ധനസഹായം സ്വീകരിക്കേണ്ടതെന്ന കാര്യം പദ്ധതിക്ക് അംഗീകാരം നൽകിയതിനുശേഷം തീരുമാനിക്കുന്നതാണ്.

(സി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഇന്ന് നേരിടുകൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കുകൾ ലഘൂകരിക്കുന്നതിൽ നിർണ്ണായകമായ കാൽവെയ്പ്പാകും ലൈറ്റ് മെട്രോ പദ്ധതികൾ. റോഡ് വികസനത്തിനുവേണ്ടി വരുന്ന വൻതോതിലുള്ള സ്ഥലമെടുപ്പും പുനരധിവാസവും മറ്റും വേണ്ടിവരില്ലെന്നതാണ് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രധാന നേട്ടം. സമയക്ലിപ്തത, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധനലാഭം എന്നിങ്ങനെ മറ്റ് പല ഗുണങ്ങളും ഈ പദ്ധതികൾമൂലമുണ്ടാകും. വൈദ്യുതിയിൽ ഓടുന്ന വണ്ടികൾ ആയതിനാൽ, അന്തരീക്ഷമലിനീകരണം ഉണ്ടാവില്ല എന്നതും മറ്റൊരു പ്രധാന നേട്ടമാണ്.